M. R. Doraiswamy.
2. Kerala Inter-Collegiate Sports. Prize. Silver Cup.
P. A. Paul.
3. Tennis Singles. First Prize Silver Cup, awarded by Thomas Manjuran, Esq., Dt. Judge. N. I. Thomas.
Runner-up Silver Cup. K. R. Gopal.
4. Tennis Doubles. First Prize. Silver Medals.
K. T. Antony & T. M. Antony
5. Badminton Singles. First Prize Silver Cup M. E. Cherry
Runner-up Silver Medal O. L. George.
6. Badminton Doubles First Prize Silver Medals.
M. E. Cherry & John Manjuran
Runners'-cup do M. A. Urmese & C. A. John.
7. Football Sevens; Silver Medals; Winners C. M. John & Team
8. General Captain Prize. Silver Cup N. I. Thomas
9. Special Prize; Silver Medal awarded by his friends.
A. O. Devassy.

After distribution of prizes, the President concluded the proceedings in a short and humorous speech. With a vote of thanks to the President lecturers and the public delivered by Mr. P. Ramanathan M. A, the function came to a close at about 8 P. M.

The College Social On 25th February 1932 the grand social was held under the auspices of the College Union, when the students of the College were 'at home' to the old boys-The function was altogether an enjoyable one - After refreshments, humorous short speeches were made by some of the senior students testifying to the happy days they had spent in College, In wishing them godspeed the Principal wished them the best of lucks and all success in their future - It was about 8 P, M. when the gathering dispersed

The success of the College Day celebrations is to be greatly attributed to the indefatigable zeal and untiring enthusiasm of the secretaries, Mr. K. J. Ignatuis and Mr. K. T. Antony, and the members of the College Day Committee.

# REVIEWS.

## THE LAYMAN'S LAW GUIDE.

BY

A. C. Sequeira M. A. LL. B.

---

The Layman's Law Guide is a very concise and comprehensive legal guide. It embodies an attempt to supply just that kind of legal information which the ordinary man wants in order to settle any point of dispute. Consequently, the subject is treated from the stand point of the multitude of busy men and women to whom it speaks. But it is much too useful to be so limited. It certainly will give an easy introduction to the study of Law. And the young practitioners will find it not a little interestiug because it extracts the essence of the cases with which they are expected to be familiar. Points of Canon and Civil Law, is designed for the use of priests. The chapter dealing with the procedure proper in all public meetings is unique. The author has been much helped in the clothing of these dry bones by personal experience.

In fact it is a veritable treasure of valuable information that may be profitably used in dealing with complicated local practices of Hindu, Mahomedan as well as Canon Laws.

Obtainable from:- James Sequeira, Esq, The Palms, Mangalore (S. K.) Price 3Rs, Postage Extra.

2. VANAMALA or the Flower of Malwa, a Romatic Indian drama. in three acts, by C. K. Subramanian, is a welcome addition to the ranks of Indian dramas written in the English language. The plot is cast in a romantic atmosphere— an atmosphere steeped in the romance of those old forgotten days and battles long ago, when Hindustan was rent by internecine wars. The plot appears to us well-constructed; only the identification of Prema with the long lost daughter of

Ajanta strikes us as forced and artificial. The blank verse used by the dramatist is of a high quality, and were it not for some trivial lapses on the part of the author in the use of the English idiom, we could have confidently said that the author's mastery of the language is remarkable. With more experience we believe that the author would be able to get over the occasional incongruities that appear between the Indian setting and its represenation through a medium of expression essentially occidental; meanwhile we congratulate the budding author on his praiseworthy first attempt.

Printed at Mohan Printing Press, Bombay; Price Rupee One.

# COLLEGE CHRONICLE.

January 9th. College re-opens after Xmas holidays.

9th-12th. Examinations for Junior classes.

17th-19th. Holidays. Thirumasam of the late ex-Highness the Maharajah of Cochin.

February 25th. College anniversary.

26th. College social.

March 4th. Annual examinations begin.

March 18th. College closes for Junior classes.

March 27th. University examinations begin.

*Editor [Mal. Section] Joseph Mundassery M. A.*

## ഭൂതരായർ.

(ഒരു വിമർശനം)

‘കൊരവങ്കഴി’ III. u. c.

---

“പണ്ഡിതന്മാർ കാൽവെക്കാൻ മടിക്കുന്ന ദിക്കിൽ പാമരന്മാർ ഓടിക്കയറു”മെന്ന ആക്ഷേപത്തിന്നു ഞാൻ വിധേയനാണെങ്കിലും “ഭൂതരായർ” എന്ന വിശിഷ്ടഭാഷാനോവലിനെക്കുറിച്ചു രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ഈ ചെറിയ നിരൂപണംകൊണ്ടു ‘ഭൂതരായ’രിലെ ഇതിവൃത്തം, പാത്രസൃഷ്ടി, രചനാരീതി, ഭാഷാനോവലുകളിൽ പ്രസ്തുത ആഖ്യായികക്കുള്ള സ്ഥാനം എന്നീ നാലു പ്രധാനസംഗതികളെപ്പററിയാകുന്നു പ്രതിപാദിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു മലയാളസാഹിത്യനഭോമണ്ഡലത്തിൽ പ്രകാശിക്കുന്ന ഒരു നിസ്തുല്യതേജഃപുഞ്ജമാണെന്നു അദ്ദേഹം പലകുറി കേരളീയരെ അറിയിച്ചിട്ടുണ്ടു്. ഇതിന്നു ലക്ഷ്യങ്ങൾ അദ്ദേഹത്തിൻെറ അമൂല്യങ്ങളും അനഘങ്ങളുമായ ‘ഭാസ്കരമേനോൻ’, ‘മംഗളമാല’, തുടങ്ങിയ സാഹിത്യരത്നങ്ങൾ തന്നെയാണു്. പ്രസ്തുത ആഖ്യായികയായ ‘ഭൂതരായ’രെക്കുറിച്ചു അല്പം പര്യാലോചിക്കാം.

മൂവ്വായിരത്താണ്ടുമുമ്പു്, മുടിഞ്ഞരുളിയ വീരമാർത്താണ്ഡപ്പെരുമാളുടെ കാലത്തു്, മലനാട്ടിലുണ്ടായ അന്തഛിദ്രങ്ങളെ ഒതുക്കി നാടുഭരിക്കുവാൻ പെരുമാളിൻെറ ദ്വിതീയപുത്രനായ ഭൂതരായരെ പിതാവിൻെറ അനുമതിയോടുകൂടി പാണ്ഡ്യരാജ്യത്തുനിന്നു കൂട്ടിക്കൊണ്ടുവന്ന സംഭവമാണു ഈ ആഖ്യായികയിലെ ഇതിവൃത്തം. കഥാവസ്തുവിനോടു് സംഘടിതമായ പലേ ഉപകഥകളും തമ്പുരാൻ ഈ നോവലിൽ കൂട്ടിച്ചെലുത്തിയിട്ടുണ്ടു്. പ്രണയകഥാരംഗത്തിൽ ചിരുതക്കുട്ടിയോടു ചന്ത്രക്കാറപ്പിൻെറയും, മാളുക്കുട്ടിയോടു ചെറിയച്ചൻെറയും, ഉണ്ണിനങ്ങയോടും ആനന്ദവല്ലിയോടും ഭൂതരായരുടെയും, പുഴമുക്കിൽ കുഞ്ഞമ്മയോടു് ഐത്രുർച്ചാത്തരുടെയും ഉണ്ണിനങ്ങയോടു പള്ളിബാണരുടെയും അനുരാഗങ്ങളെയാണു വർണ്ണിച്ചിട്ടുള്ളതു്.

ചരിത്രകഥയിൽ, ഭൂതരായരുടെ ആഗമനത്തിന്നു പ്രേരകമായ സംഗതികൾ, ചിരുതപ്പട, ആസ്യന്റെയും ആറഢ്യന്റെയും കുടിപ്പക, പാടത്തിട്ടപ്പണിക്കരുടെയും വട്ടരപ്പയുടെയും കലഹം, കാവുതിക്കൂട്ടവയുടെ ആക്രമങ്ങൾ, കുഞ്ഞുമരക്കാരെന്ന കടൽക്കള്ളന്റെ പെൺകൊള്ള, ഐത്രർച്ചാത്തരുടെ ഉദ്യമങ്ങൾ, നമ്പിക്കുറിന്റെ നാരദവൃത്തി, എന്നിവ പ്രധാനസംഭവങ്ങളാകുന്നു. കൂടാതെ, അജ്ഞാതവാസകഥ, സമാധാനസംസ്ഥാപന പരിശ്രമങ്ങളെ വിവരിക്കുന്ന വേറൊരു കഥ, എന്നിങ്ങനെ ഈ നോവലിൽ ഉപകഥകൾക്കു ഒരു കയ്യുംകണക്കുമില്ല. ആകപ്പാടെ നോക്കിയാൽ 'Shakespeare' എന്ന ആംഗലകാളിദാസരുടെ 'Comedies' എന്ന നാടകങ്ങളിൽകാണുന്ന നിരവധി ഉപകഥാവസ്തുക്കളെയാണു തമ്പുരാൻ തിരുമനസ്സുകൊണ്ടു അനുകരിച്ചിരിക്കുന്നതെന്നുവേണം പറയുവാൻ. ആംഗലകവിയുടെ 'Twelfth Night' (പന്ത്രണ്ടാംരജനി) എന്ന നാടകത്തിലെ ഉപകഥകൾക്കു കയ്യുംകണക്കുമില്ല. തമ്പുരാനും ഈ പ്രസ്ഥാനത്തെ അനുകരിക്കുന്നുണ്ടെങ്കിലും ഷേക്സ്പീയരെപ്പോലെ ഉപകഥകളെ പ്രധാന ഇതിവൃത്തത്തോടു സംയോജിപ്പിക്കുന്നതിന്നുള്ള പാടവം തിരുമനസ്സിലേക്കില്ലെന്നാണു തോന്നുന്നതു്. സമഷ്ടിയായി പറയുകയാണെങ്കിൽ, പ്രസ്തുത കഥാതന്തുവിൽ കോർത്തിട്ടുള്ള ഉപകഥാകുസുമങ്ങളിൽ ചിലതിന്നുള്ള വൈജാത്യവും ബന്ധരാഹിത്യവും നിമിത്തം ഇതിവൃത്തഘടന സുന്ദരമായിട്ടുണ്ടെന്നു പറഞ്ഞുകൂടാ.

പാത്രസൃഷ്ടിയുടെ കാര്യത്തിൽ ഗ്രന്ഥകർത്താവു് മനസ്സിരുത്തീട്ടുണ്ടെങ്കിലും പ്രഥമദൃഷ്ടിയിൽ, കഥാനായകസ്ഥാനം ഭൂതരായക്കു കൊടുക്കാമോ എന്ന പ്രശ്നത്തിന്നു പക്ഷാന്തരത്തിന്നവകാശമുണ്ടു്. ഗ്രന്ഥനാമം 'ഭൂതരായ'രെന്നാണെങ്കിലും ഒരു ഗ്രന്ഥത്തിന്നു നായകന്റെ പേരേ കല്പിച്ചുകൂടു എന്നില്ല. നോവലിന്റെ ആദ്യഭാഗങ്ങളിൽ ഭൂതരായക്കു യാതൊരു സ്ഥാനവുമില്ല. കഥാഗതിയെ ഭൂതരായർ സാരമായി നയിക്കുന്നുണ്ടെങ്കിലും നിർദ്ദയനായ അദ്ദേഹം വായനക്കാരുടെ ആദരത്തേയും അനുഭാവത്തേയും അർഹിക്കുന്നില്ല. ഉണ്ണിനംങയല്ല, ചിരുതക്കുട്ടിയാണു നായികയെങ്കിൽ ഭൂതരായക്കു നായകസ്ഥാനം നൽകുന്നതിൽ അനൌചിത്യവുമുണ്ടു്. ഈ നിലക്കു നോക്കുന്നതായാൽ ചിരുതക്കുട്ടിയുടെ കാമുകനായ ചന്തുക്കുറുപ്പിന്നും, മാളുക്കുട്ടിയുടെ കാമുകനായ കുമാരൻ ചെറിയച്ചനും കഥാഗതിയിൽ പ്രാമുഖ്യമുണ്ടു്. എങ്കിലും, ചന്തുക്കുറുപ്പു ചിരുതപ്പട

യുണ്ടാക്കുക, കാരാഗൃഹത്തിൽ കിടക്കുക, സ്വകാമുകിയാൽ മോചിതനാവുക എന്നീ കർമ്മങ്ങൾക്കുമാത്രം വിധേയനാവുകയാൽ അയാൾക്ക് നായകസ്ഥാനത്തെ അർഹിച്ചുകൂടാ. ഉന്മത്തനും പരപീഡനപ്രിയനുമായ ചെറിയച്ചൻ ജനങ്ങളുടെ അനുകമ്പക്കു അർഹനല്ലാത്തതിനാൽ അയാൾക്കും നായകസ്ഥാനം കല്പിച്ചുകൂടാ. നായകലക്ഷണങ്ങൾ പലേ പാത്രങ്ങളിലായി നിക്ഷിപ്തമാകയാലാകുന്നു ഇപ്രകാരമുള്ള ദുർഘടങ്ങൾ ഉണ്ടാവുന്നതു്.

Milton എന്ന ഇംഗ്ലീഷുകവിയുടെ 'Paradise Lost' എന്ന ഗ്രന്ഥത്തിലും ഇപ്രകാരം നായകസ്ഥാനത്തിന്നു് കലഹമുണ്ടു്. ആ കാവ്യത്തിലാകെട്ടെ, ചിലർ Satan ആണു് നായകനെന്നും മററു ചിലർ Adam ആണെന്നും വാദിക്കുന്നു. സ്വർഗ്ഗത്തിൽ പ്രധാന ദേവദൂതന്റെ പദവിയിൽ ഇരുന്നിരുന്ന Satan സ്വകൃത്യവൈപരീത്യത്താൽ ഏററവും നികൃഷ്ടമായ ഒരു ജീവിയായിപ്പരിണമിക്കുന്നുണ്ടെങ്കിലും കഥയിൽ നായകസ്ഥാനത്തെ അർഹിക്കുന്നു. തഥൈവ, മധുരാപുരിയിൽ മീനാംബികാദേവിയുടെ പുത്രനായി സകല സമ്പൽസമൃദ്ധിയോടും ഏകഛത്രാധിപത്യത്തോടും കൂടി മാനമായി വാണിരുന്ന ഭൂതരായർ കേരളത്തിൽ കാലെടുത്തുകുത്തിയ നാൾമുതൽ ജനങ്ങൾക്കു പരിഹാസ്യനാവുകയും, സോദരഹത്യ, ധാർഷ്ട്യം, സ്ത്രീജിതത്വം എന്നീ ദുർഗ്ഗുണങ്ങളാൽ ഏററവും നികൃഷ്ടസ്ഥിതിയിൽ എത്തുകയും ചെയ്യുന്നു. എന്നാൽ ഭൂതരായരുടെ സ്വഭാവത്തിന്നു ഉണ്ണിനങ്ങയുടെ സാഹചര്യം മൂലം ഭവിച്ച പരിവർത്തനം തന്റെ പൂർവ്വാപരാധങ്ങൾക്കു സ്വല്പമൊരു പരിഹാരം ചെയ്യുന്നതിനാലായിരിക്കാം കഥയിലെ നായകനാകുവാൻ ഭാഗ്യം ലഭിച്ചതു്. ഉണ്ണിനങ്ങ, ചന്തുക്കുറുപ്പ്, ചിരുതക്കുട്ടി എന്നിവരുടെ സൃഷ്ടി ശ്ലാഘനീയമായിട്ടുണ്ടെന്നു പറയാവുന്നതാണു്.

"പുരായത്രസ്രോതഃപുളിനമധുനാ തത്രസരിതാം
...........................................................
...........................................................
നിവേശശ്ശൈലാനാം തദിതമിതി ബുദ്ധിം ദ്രഢയതി."

എന്ന പ്രഖ്യാതശ്ലോകോന്മുഖമായ ഈ സാഹിത്യഗ്രന്ഥം ഭാഷാഭിമാനികൾക്കു ഒരമൂല്യരത്നമാണെന്നുവേണം പറയുവാൻ. ഭൂതരായരിലെ രചനാരീതി ഏററവും ഹൃദ്യവും സരളവുമായിട്ടുണ്ടു്. അതാതുസന്ദർഭങ്ങൾക്കു് ഉചിതമായ വേഷംകെട്ടി അഭിനയിക്കുവാൻ തമ്പുരാനു ഒരു പ്രത്യേ

കപാടവമുണ്ട്. മലനാട്ടിലെ പ്രാചീനഭൂവിവരണവും അന്നത്തെ സാമുദായികഘടനയും രാഷ്ട്രീയവിപ്ലവങ്ങളും എന്നുവേണ്ട, ആദികേരളാചാരങ്ങളെപ്പോലും ഇത്ര ഹൃദ്യമായി വർണ്ണിക്കുവാൻ തമ്പുരാനെക്കൊണ്ടല്ലാതെ മററാരാലും സാധിച്ചിട്ടില്ല.

"'മാലോകർ' കുടിപാർത്തിരുന്ന ഇടങ്ങളിൽ അമ്പലങ്ങളും കുളങ്ങളും, ചിറകളും ചാലുകളും പുഴകളും പാടങ്ങളും അടിപരന്ന അരയാലുകളും മുടികുളിർത്ത മുല്ലമലക്കാവുകളും കത്തിന്നങ്ങി ജലസൌഖ്യത്തേയും സ്ഥലസൌഖ്യത്തേയും ലോഭം കൂടാതെ നൽകിയിരുന്നു" എന്നു ഒരിടത്തും "കലക്കമില്ലാത്ത കല്യാണപ്പന്തൽ മലനാട്ടിലെങ്ങും ഉണ്ടായിരുന്നില്ല. കുറചൊല്ലിയും സ്ഥാനം പിടിച്ചും വഴക്കില്ലാത്ത വീട്ടുകളില്ല. അടിപിടിയില്ലാത്ത അടിയന്തരങ്ങളില്ല" എന്നിങ്ങനെ മറെറാരിടത്തും അന്നത്തെ നാട്ടുനടവടികളെ എത്രയും ഹൃദ്യമായി വർണ്ണിച്ചിരിക്കുന്നു.

കുറത്തിയുടെവേഷത്തിൽ ഊപ്പള്ളിയിൽ ചെന്നു.

"ആറണിത്തിരുമുടിയിലാടിടുന്ന പാമ്പേ
നീറണിത്തിരുവുടലിലോടിയേറം പാമ്പേ
മുപ്പുലകംമുടിക്കുന്നമുപ്പുരെ നിൻ പാട്ടിൽ
ഇപ്പുളവിണക്കിവാഴുന്നെന്തിന്നെ നീ പാമ്പേ"

എന്നു ചിരുതക്കുട്ടിയെക്കൊണ്ടു് പാടിക്കുന്നതും, രാജാധിരാജൻെറ നിലയിൽ—

"ഉററവർപാലനായി, പററലർ കാലനായി പാരെഴും മന്നോർകളിൽ മന്നവർമന്നനായി നീടെഴും കുലംതന്നിലീടെഴും പേരുള്ളോനായ് തീരെഴുമാഴിചൂഴുമൂഴിതന്നുടയോനായ് കരുമരിൽ കരുമനായി....................
വിരമാർത്താണ്ഡപാണ്ഡ്യപ്പേരിയവർ തിരുവുള്ളം പററിലാം മൊഴിയിതു".

എന്നു കുഞ്ഞിട്ടുണ്ണാൻ കാര്യക്കാരെക്കൊണ്ടു് വിളംബരം പ്രസിദ്ധം ചെയ്യിക്കുന്നതും ഒരേ പുരുഷനാണെന്നുകാണുന്നതിൽ നിന്നുതന്നെ തിരുമനസ്സിലെ ഗദ്യരചനാപാടവം നമുക്കു് പ്രത്യക്ഷപ്പെടുന്നതാണു്.

"ഭൂതരായർ" സാഹിത്യപഥത്തിൽ ഒരു അരയാലിൻെറ സ്ഥാനമാണു് അർഹിക്കുന്നതു്. നോവൽ പ്രസ്ഥാനത്തിൽ സി. വി. രാമൻപിള്ള, ഒ. ചന്തുമേനോൻ അപ്പനെടുങ്ങാടി എന്നിവരോടൊപ്പം നില്ക്കുന്നതിൽ അപ്പൻതമ്പുരാന് ലജ്ജിക്കേണ്ടതില്ല. സാഹിത്യസൂര്യാതപത്താൽ തപ്തന്മാരായ വായനക്കാർക്കു് 'ഭൂതരായർ' ഒരു തണൽ തന്നെയാണെന്നതിന്നു ഭാഷാഭിമാനികൾ രണ്ടുപക്ഷം പറയുന്നതല്ല.

'പാരിച്ച വെയിലിൽ തണൽ പാന്ഥനുത്സവം'

എന്നപോലെയാണു് 'ഭൂതരായർ' വായിക്കുമ്പോൾ നമുക്കുണ്ടാകുന്ന അനുഭവം. ഏതാനും സ്ഖലിതങ്ങളൊഴിച്ചാൽ ഭൂതരായർ അദ്വിതീയമായ ഒരു സാഹിത്യരത്നമായി പ്രശോഭിക്കുന്നതാണു്.

## നളചരിതത്തെപ്പററി ഒരു വാക്ക്.

(കടമാല്ലൂർ കെ. ഗോപാലപിള്ള.)

സരസകവിയായ ഉണ്ണായിവാര്യരുടെ സംഗീതത്തെപ്പററി പറയുമ്പോൾ അദ്ദേഹത്തിൻെറ സമഷ്ടിയായ ഒരു ജീവചരിത്രവുംകൂടി ഈ ലഘുലേഖനത്തിൽ വരുത്തുന്നത് അസ്ഥാനത്താകയില്ലെന്ന വിശ്വസിക്കുന്നു. ഇദ്ദേഹത്തിൻെറ ജീവചരിത്രത്തെപ്പററി ഭാഷാചരിത്രകാരൻ പറഞ്ഞിരിക്കുന്നതു് എത്രത്തോളം അടിസ്ഥാനമുള്ളതാണെന്നു് അറിയുവാൻ നിവൃത്തിയില്ല. വാര്യരുടെ ഗൃഹം ഇരിങ്ങാലക്കുടയാണെന്നും പിന്നീടു തൃശ്ശിവപേരൂരിൽ വിദ്യാഭ്യാസാദികൾക്കായി വന്നു താമസിച്ചു എന്നും മററുമാണു് ഭാഷാചരിത്രകാരൻ അഭിപ്രായപ്പെടുന്നതു്. എന്നാൽ എൻെറ അന്വേഷണത്തിൽ വാര്യരുടെ ഗൃഹം തൃശ്ശിവപേരൂരടുത്തുള്ള കുട്ടല്ലൂർ എന്ന സ്ഥലത്താണെന്നും അദ്ദേഹത്തിൻെറ ഗുരുനാഥൻ ഈവിടെയുള്ള ഒരു പിഷാരൊടിയാണെന്നും ആണു് അറിയുന്നതു്. ഈ അറിവു് സാഹിത്യകാരന്മാരായ ചില പഴമക്കാരിൽ നിന്നും ലഭിച്ചതാണു്. ഇങ്ങനെയല്ലാതെ സൂക്ഷ്മമായ അറിവൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്തായാലും വാര്യർ 973. ൽ നാടുനീങ്ങിയ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ ആശ്രിതനായിരുന്നു എന്നറിയുന്നതിൽ പക്ഷാന്തരമുണ്ടാവാനിടയില്ല. ടിപ്പുവിൻെറ പടയോട്ടക്കാലവും മററും കഴിഞ്ഞതിനുശേഷം രാമവർമ്മമഹാരാജാവുതിരുമനസ്സിലെ കാലത്തായിരുന്നതിനാൽ ആ വക ഭയങ്ങളൊന്നും കൂടാതെ സ്വൈരമായി താമസിക്കുവാൻ പണ്ഡിതാഗ്രേസരനായ മഹാരാജാവുതിരുമനസ്സുകൊണ്ടു് ഉണ്ണായിയെ കല്പിച്ചനുവദിച്ചതായിരിക്കണം. സരസകവിയായ കുഞ്ചൻനമ്പ്യാരും അക്കാലത്തു് ആ സദസ്സിൽ ഉണ്ടായിരുന്നതായി പല ഐതിഹ്യങ്ങളും കേട്ടിട്ടുണ്ടു്. 915ലാണു വാര്യരുടെ ജനനമെന്നും അറുപതുകൊല്ലത്തോളം അദ്ദേഹം ജീവിച്ചിരുന്നു എന്നും കേട്ടിട്ടുണ്ടു്. കഥയിൽ

അപിചമമദയിതാ കളിയല്ല നാതിചിരംസ്ഥിതാ

പ്രാണൻ കളയുമതിവിധുരാ എന്നാൽ

കലമിതവിലവുമറതിവന്നിതു്. ഇതിൽ 'അറം' എന്നൊരു ദോഷം അദ്ദേഹത്തിന്നു സംഭവിച്ചുവെന്നും അദ്ദേഹത്തിൻെറ കാലശേഷം വംശവിച്ഛേദം കൂടിവന്നുവെന്നും ഐതിഹ്യമുണ്ടു്.

ഉണ്ണായിവാൎയ്യരെപ്പോലെ കവിതയിൽ സ്വാതന്ത്ര്യം പ്രവൎത്തിച്ചിട്ടുള്ള ഒരു കവിവേറെയുണ്ടോ എന്നു സംശയമാണ്. സാധാരണകഥകളികൾക്ക് ശ്ലോകങ്ങൾ സംസ്കൃതവും ഗാനങ്ങൾ മണിപ്രവാളവും ആയിട്ടാണ് കാണാറുള്ളത്. നളചരിതം കഥകളിയിൽ ആ വകനിയമങ്ങളൊന്നും ഇല്ല. ചിലശ്ലോകങ്ങൾ പച്ചമലയാളത്തിലും ചിലത് കടുംസംസ്കൃതത്തിലും ആയിരിക്കുന്നു. ഗാനങ്ങളിൽ ചിലത് വെറും സംസ്കൃതമായിട്ടുമില്ലെന്നില്ല.

അൎത്ഥപുഷ്ടിയിലും വാൎയ്യർ നല്ലപോലെ നിഷ്കൎഷിച്ചിട്ടുണ്ട്. പ്രാസനിൎബ്ബന്ധം അദ്ദേഹത്തിന് ധാരാളമായിരുന്നു. പാട്ടുകൾപാടുമ്പോൾ താളത്തിൽതന്നെ പ്രാസം വന്നുകൊണ്ടിരിക്കണമെന്ന് അദ്ദേഹത്തിന് നിൎബ്ബന്ധമുണ്ടായിരുന്നു. താളം നിശ്ചയമില്ലാത്തവൻ കണ്ണടച്ചു പാടാനിരുന്നാൽ ഇതിലെ പാട്ടുകൾ അത്രഎളുപ്പത്തിൽ പാറുമെന്നു തോന്നുന്നില്ല. താളത്തിൽ പ്രാസങ്ങൾ താനെവരുത്തുവാനദ്ദേഹം നല്ലപോലെ യത്നിച്ചിട്ടുണ്ട്. പദങ്ങൾ മുഴുവനിലും പ്രാസംവേണമെന്ന് അദ്ദേഹം വിചാരിച്ചിരുന്നു എന്നു തോന്നുന്നു.

‘വിശേഷിച്ചുണ്ടെനിക്കാധി വിചാരിച്ചാലവും ദൃഢ—
വശാലിപ്പോൾ തവബുദ്ധികൃശയായ്പ്പോയി.
ദശാദോഷമതേഷ ഞാനശേഷമോർത്തതിശോക—
രുജാവേശാവശൈവാസ്തു വിശാമീശനിശാമദ്ധ്യേ? ഇതിലെ പ്രയോഗങ്ങൾ തന്നെ മേൽപറഞ്ഞതിന് ദൃഷ്ടാന്തമാണല്ലോ.

സ്വരത്തിനുടെമാധുൎയ്യം കേട്ടാലൊരുത്തിയെന്നത്തു നിശ്ചേയം
സ്വൈരംചാരെചെന്നവളുടെഞാൻ സുമുഖിയോടാരിതിപൃച്ഛേയം
മരത്തിനിടയിൽകാണാമെ സുന്ദരത്തിനുടെസാദൃശ്യേയം
കേനവിയോഗാൽ കേണീടുന്നവൾകേനനുവിധിനാപശ്യേയം
അകൃത്രിമദ്യുതിരനവദ്യേയം അടുത്തുചെന്നിനി അനുപശ്യേയം
ആകൃതികണ്ടാലതിരംഭേയം ആരാലിവൾതന്നധരംപേയം

ഇതിൽശ്യേയം—(യം.) എന്നിവവരുത്തുവാൻ കവിക്കുറെയെല്ലാം പണിപ്പെട്ടിട്ടുണ്ടെന്നുതോന്നും. അതുപോലെതന്നെ

അപുത്രമിത്രാകാന്താരം പുക്കനെത്ഥഗർത്തേ വിണാളെ
ആനന്ദിച്ചു വാഴേണ്ടുന്നവളല്ലോകമനീ നീയൊളെ
അപത്രപിച്ചിടേണ്ട ഞാനോവനത്തിൽ മേവുന്നോനാളെ

ഇതിൽചിലതു് പദച്ഛേദം ചെയ്യാനും ശരിയായ അൎത്ഥം ലഭിപ്പാനും വിഷമമായിരിക്കുന്നു. നന്നക്ലേശിച്ചാൽ അൎത്ഥം കിട്ടുമായിരിക്കും. ഇങ്ങനെ നളചരിതത്തിലെ പദങ്ങൾക്കു മുഴുവൻ ഈ വക പലകൃത്രിമങ്ങളും ഉണ്ടു്.

ഇനി ഇതിലെ ഗാനങ്ങളുടെ കാൎയ്യത്തിലാണധികം രസികത്വം. പാട്ടുകാരനെ വട്ടത്തിലാക്കുവാനെന്നപോലെ ഗാനങ്ങളിൽ പല്ലവിക്ക് ഒരൊററ പദമെ കാണുകയുള്ളൂ. രണ്ടാംദിവസത്തെ കഥകളിയിൽ രാജമാതാവിനോടു ദമയന്തി പറയുന്നപദം നോക്കുക. 'ആൎയ്യെ' എന്നുമാത്രമെ പല്ലവിയുള്ളൂ. പാട്ടുകാരൻ ബാക്കിയെല്ലാം രാഗംകൊണ്ടു ശരിപ്പെടുത്തിക്കൊള്ളണം. ആട്ടക്കാരൻ ഒരു സംബോധനക്കയ്യ് കാണിച്ച് രംഗത്തിൽ നിൽക്കുവാനെ നിവൃത്തിയുള്ളൂ. ചിലപദങ്ങൾക്ക് നീളംകൂടും, ചിലതിനു നീളം കുറയും. പാട്ടുകാരൻ ഒരുപദം രണ്ടോ മൂന്നോ ആവൎത്തിച്ചുപാടിയാൽ മാത്രമെ ആട്ടക്കാരൻ (വേഷക്കാരൻ) ഒരാവൎത്തികൈകാണിച്ചു എത്തിക്കുവാൻ സാധിക്കയുള്ളൂ. ഇങ്ങനെ വേഷക്കാരനും പാട്ടുകാരനും ചില സന്ദൎഭങ്ങളിൽ വളരെ കുഴങ്ങാറുണ്ടു്. എന്നാൽ നല്ലപോലെ പാടിയും ആടിയും പരിചയം സിദ്ധിച്ചിട്ടുള്ള പാട്ടുകാൎക്കു വളരെ രസജനകവുമായിരിക്കും.

ഇതു കൂടാതെ വാൎയ്യരുടെ സ്വാതന്ത്ര്യം ഗാനങ്ങളിൽ വേറെയും ഉണ്ടു്. പല്ലവി, അനുപല്ലവി, ചരണം എന്നിവ ചില ഗാനങ്ങൾക്കുണ്ടായിരിക്കും. ചിലതിനു പല്ലവിയും ചരണങ്ങളും മാത്രമെ കാണുകയുള്ളൂ ചില സന്ദൎഭങ്ങളിൽ കണ്ണികൾ മാത്രമായിട്ടായിരിക്കും പദങ്ങൾ.

രാഗങ്ങൾ സന്ദൎഭോചിതങ്ങൾതന്നെയാണ്. ഗാനങ്ങൾക്കുള്ള പദങ്ങളുടെ അക്ഷരങ്ങളും മിക്കവാറും അതിനനുയോജിച്ചതുതന്നെയായിരിക്കും. നളചരിതം മൂന്നാംദിവസത്തെ കഥയിൽ ഘോരവിപിനം എന്നുള്ള പദംതന്നെ നോക്കുക. കല്യാണിരാഗത്തിലാണു ഈ പദം ചൊല്ലാറുള്ളതു്. ഇതു ശാന്തരസപ്രധാനവും ഹൃദയാഹ്ലാദകരവുമായ രാഗമാകുന്നു. ഇതിലെ പദങ്ങൾ എത്രയും ഹൃദയാവൎജ്ജകങ്ങളുമാണ്.

നാരിമാരും നവരസങ്ങളും
നയവും ജയവും ഭയവും
നാട്ടുദരിച്ചവരോടു നടപ്പതു
അവടങ്ങൾ സങ്കടങ്ങൾ അകമെ ദുഷ്ടമൃഗങ്ങൾ
അധികം ഭീതികരങ്ങൾ—

ഇങ്ങനെതുടങ്ങിയുള്ള വനവൎണ്ണന ഏതു ശ്രോതാക്കളേയും അത്ഭുതപരതന്ത്രരാക്കാതിരിക്കയില്ല.

ഇതുപോലെ കാട്ടിൽനടുവിൽപെട്ട ഭുജംഗം നളനോടു പറയുന്നഭാഗം ഭൈരവിയിലാണു പാടാറുള്ളതു്. ഭൈരവിരാഗം ക്ലേശം (മനോവ്യഥ) മുതലായ ശോകരസങ്ങളിലാണു പ്രയോഗിക്കാറുള്ളതു. ഇവിടെ

അന്തികെ വന്നീടേണം അഴലേ നീ തീർത്തീടേണം
അ. പ — എന്തിവണ്ണമെന്മോഹിനി കേട്ടില്ലയൊ പുണ്യങ്ങടെ
ചരണം — കാട്ടുതീയിൽ പതിച്ചേനെ കളിയല്ലയ്യോ വൈകുന്നേരം
കൂട്ടിക്കൊണ്ടുപോകതാനൊ കുശലംതവ വൈരസേനൊ

ഇത്യാദി പദങ്ങൾ ഏവൎക്കും ഹൃദയാവൎജ്ജകങ്ങളാണു ഇതിനു മറുപടിയായി നൈഷധൻ ആ ഉരഗത്തോടു പറയുന്ന ഗാനം ശങ്കരാഭരണം രാഗത്തിൽ ഉള്ളതാണു്. അതായതു്

'കത്തുന്നവനശിഖി മദ്ധ്യഗനാകുരഗോനീ
തതാപമേവവദമെ'.

ശങ്കരാഭരണം രാഗം ഭക്തിസൂചകമാണു്. ഇവിടെ സന്ദർഭം ഏതാണ്ടു് ഭക്തി കരുണം എന്നിവയെ സൂചിപ്പിക്കുന്നതുമാണല്ലൊ. നൈഷധൻ ഉരഗത്തെ പറഞ്ഞു സമാഹിതചിത്തനാക്കി തീയിൽ നിന്നും രക്ഷിക്കുന്നതാണു് ഈ ഭാഗം. ആയതിനു ശങ്കരാഭരണംരാഗം ഏറ്റവും പററിയതു തന്നെയാണല്ലൊ.

ഇങ്ങനെ ഇതിലെ ഗാനങ്ങൾ ഓരോന്നും എടുത്തുപറയുവാൻ വിഷമം കുറച്ചുണ്ടു്. വാൎയ്യർ ഒരു നല്ല ഗായകനും താളനിശ്ചയവും രാഗജ്ഞാനവും ഉള്ള ആളുമായിരിക്കണം. അനേകം അപൂൎണ്ണരാഗങ്ങൾ ഇതിൽ കാണുന്നതുകൊണ്ടു് വളരെ രാഗങ്ങൾ ഇദ്ദേഹത്തിനു ശാസ്ത്രീയമായ നിലയിൽ അറിഞ്ഞിട്ടുണ്ടായിരിക്കണം.

ഇങ്ങനെ സംഗീതവും സാഹിത്യവും ഒരുപോലെ വഴിഞ്ഞൊഴുകുന്ന ഒരുകൃതി മററില്ലെന്നു് തീൎത്തുപറയുവാൻ ആരും വിസമ്മതിക്കുമെന്നു തോന്നുന്നില്ല. പ്രകൃതിസിദ്ധമായ ഗാംഭീൎയ്യം, ആപാദമധുരവും ആലോചനാമൃതവും ആയിട്ടുള്ള കവിതാരീതി എന്നുവേണ്ട വിവിധരസങ്ങളും നിറഞ്ഞ ഒരു സംഗീതകവിത മററില്ല; തീർച്ചതന്നെ.

# കീറത്തുണി.

(പി. കുഞ്ഞികൃഷ്ണമേനോൻ. II U. C.)

---

അഹോ മനുജകീടങ്ങളെ! എത്ര മഹാഹങ്ങളായ വസ്തുക്കളെയാണു നിങ്ങൾ നിസ്സംശയം നിരസിക്കുന്നതു്! ഒരുവസ്തുവിൻെറയും ആന്തരമായ അവസ്ഥയെകുറിച്ചു അണുമാത്രം ആലോചിക്കുവാൻ നമുക്കു സാധിക്കുന്നില്ലല്ലോ! "നാട്ടുപുറത്തെ പള്ളിപ്പറമ്പി"ൻെറ മാഹാത്മ്യത്തെ "തോമാസ് ഗ്രേ" എന്ന ആംഗ്ലേയകവിക്കല്ലാതെ മററാക്കെങ്കിലും അറിയുവാൻ സാധിച്ചിട്ടുണ്ടോ? സാമാന്യജനങ്ങൾ അതിനെ എത്ര നിസ്സാരമായി ഗണിച്ചു! "മരുപ്രായമായ കാമ്പേൺഗ്രാമത്തി"ൻെറ മഹിമയെ മനസ്സിലാക്കുവാൻ "ഗോൾഡ്സ്മിത്തി"ന്നല്ലെ സാധിച്ചുള്ളു? ഇപ്രകാരം എത്ര വസ്തുക്കളാണു സാമാന്യദൃഷ്ടികൾക്കു അഗോചരങ്ങളായി തീൎന്നിരിക്കുന്നതു്! കടലാസ്സുതുണ്ടിനെ മനുഷ്യർ എത്ര തുച്ഛമായി കരുതുന്നു. പഴത്തൊലി, ചവററില മുതലായവ മനുഷ്യൎക്കു എന്തെന്നില്ലാത്ത നിന്ദയെ ജനിപ്പിക്കുന്ന വസ്തുക്കളല്ലേ? ഉറമ്പ് സാധാരണന്മാരുടെ ദൃഷ്ടിക്കു ഗോചരമൊ എന്നുതന്നെ സംശയം. ഹാ; അവ മനുഷ്യൎക്ക് എത്രവലിയ തത്വങ്ങളാണു മനസ്സിലാക്കികൊടുക്കുന്നതു! എന്നാൽ അതു മനസ്സിലാക്കുവാൻ തക്ക മനക്കരുത്തുള്ള മനുഷ്യർ വളരെ ചുരുക്കംതന്നെ. കീറത്തുണിയാകട്ടെ, ആൎക്കുംതന്നെ കണ്ടുകൂടാ. എല്ലാവൎക്കും അതുകൂടാതെ കഴിയുവാനും പ്രയാസം. ഇതല്ലെ ജനങ്ങളുടെ സ്വഭാവം! "മുററത്തെ മുല്ലക്കു മണമില്ല" എന്ന പഴമൊഴിയിൽ പതിരില്ല. കാലിന്നടിയിൽകിടക്കുന്ന വജ്രത്തെ കാണുവാൻ മനുഷ്യന്നു കഴിവില്ല. നിത്യം വെളിച്ചംനൽകുന്ന ആദിത്യൻ ആൎക്കും വന്ദ്യനല്ല. പ്രകൃതിനിയമങ്ങളെ അനാദരിക്കാതെ പെരുമാറുന്ന വൎഷം, സസ്യങ്ങൾ മുതലായവ മനുഷ്യരുടെ അക്ഷികൾക്കു ലക്ഷ്യങ്ങളല്ല. ഇതാണല്ലൊ ലോകസ്വഭാവം.

"സദാ ലഭിക്കുന്നൊരുവസ്തു തങ്ക—
മാണെങ്കിലും മൂല്യവിഹീനമമ്പോ!
മനോജ്ഞയാം ചന്ദനദാരുവല്ലേ
കിരാതിമാരിന്ധനമാക്കിടുന്നു!!"

എന്ന സുഭാഷിതം എത്ര സത്യം. കീറത്തുണി കുപ്പമാടത്തിലും നിന്ദ്യം തന്നെ.

ഇത്ര നിസ്സാരമായികരുതുന്ന കീറ്റത്തുണിയുടെ യഥാൎത്ഥമാഹാത്മ്യത്തെ മനസ്സിലാക്കുവാൻ മിടുക്കുള്ള മനുഷ്യർ എത്ര ചുരുക്കം! അത്യുൽകൃഷ്ടനായി ജനങ്ങൾ പൂജിച്ചുവരുന്ന അത്യുപ്പനായ ദൈവംമുതൽ ഏററവും നീചൻവരെ സൎവ്വരും കീറത്തുണിയെ ആശ്രയിച്ചുതന്നെ കഴിച്ചുകൂട്ടുന്നു. ദേവാലയങ്ങളിൽ ദീപപ്രഭ നൽകുവാൻ കീറത്തുണിയെയല്ലേ ജനങ്ങൾ ആശ്രയിക്കുന്നതു്! ഹാ! കീറത്തുണി; നീ ജനങ്ങൾക്കു് എത്ര അപൂജ്യൻ! തത്സമയത്തുതന്നെ ജനങ്ങൾ നിന്നോടു എത്രമാത്രം കടപ്പെട്ടിരിക്കുന്നു! ദരിദ്രൻെറ കപ്പമാടത്തിലും സുഖശയ്യയെ പ്രദാനംചെയ്യുന്നതു നീതന്നെ. പ്രഭുക്കളുടെ പോക്കററിൽ നീ മുന്നണിയിൽ നില്ക്കുന്നു. ദരിദ്രന്മാർ നിസ്സാരമായ് നിരസിക്കുന്ന നാസികാവിശിഷ്ടവസ്തുക്കളെ പരിഷ്കാരികൾക്കു പരിരക്ഷിച്ചുകൊടുപ്പാനുള്ള ഒരു പണപ്പെട്ടിയും നീ തന്നെ. ഏററവും വലുതായ ഗജത്തിന്നുപോലും ഉത്സവങ്ങളിൽ ദീപപ്രഭ നൽകുന്നതും വഴികാണിച്ചുകൊടുക്കുന്നതും നീയല്ലേ? ചപ്പത്തുണിയുടെ സ്ഥാനം വഹിക്കുന്നതുകൊണ്ടു നീ ഒരിക്കലും നിന്ദ്യനായിത്തീരുന്നില്ല. തന്മൂലം എത്ര മഹത്തുക്കളുടെ പരിപാവനമായ പാദസ്പൎശനസുഖം ഏൽക്കുവാൻ നിനക്കിടയായി. എന്നിട്ടും നീ ജനങ്ങൾക്കു നിസ്സാരൻതന്നെ! അഹോ കഷ്ടം! ഉപകാരസ്മരണയില്ലാത്ത മനുഷ്യർ!

കടലാസ്സ് എത്ര മഹത്തായ ഒരു വസ്തുവാണ്. ഒരുലക്ഷം ഉറപ്പികകളെപ്പോലും ജാമ്യംനില്ക്കുവാൻ ഒരു കടലാസ്സുതുണ്ടിന്നു കഴിവുണ്ടു്. കാമിനികൾക്കു ദാമ്പത്യസുഖം, പ്രദാനംചെയ്യുന്ന ഒരു മുഖവുരയല്ലേ കടലാസ്സ്! അങ്ങിനെയുള്ള കടലാസ്സിന്നുപോലും ആദികാരണം കീറത്തുണിയല്ലേ? പിണത്തെപോലും വായ്പൊളിപ്പിക്കുവാനും, കാമിനിമൂലം കലഹമുണ്ടാക്കുവാനും കീറത്തുണി കാരണമായിത്തീരുന്നുണ്ടെന്നു ഇപ്പോളല്ലെ നാം മനസ്സിലാക്കുന്നതു! കീറത്തുണിയുടെ ഉത്ഭവത്തെപ്പററി പൎയ്യാലോചിക്കുക. ഇന്നു ഭാരതമൊട്ടാകെ കീൎത്തിനേടിയിരിക്കുന്ന ഖദർവസ്ത്രങ്ങളും നാളെ കീറത്തുണിയായി പരിണമിക്കുന്നു. കീറത്തുണിക്കു് ഒരു രാജ്യത്തെ മുഴുവൻ പരിപാലിക്കുവാൻ ശക്തിയുണ്ടെന്നല്ലേ നാം ഇതിൽനിന്നു മനസ്സിലാക്കുന്നതു! കീറത്തുണിക്കു് എന്തൊന്നാണു കഴിവില്ലാത്തതു്?

ക്രൂരന്മാൎക്കും ഹിംസകന്മാൎക്കും എത്ര വലിയ സഹായമാണു ചിലപ്പോൾ കീറത്തുണി ചെയ്തുകൊടുക്കുന്നതു! കൊലപാതകങ്ങൾ നടത്തുമ്പോൾ വായിൽ കീറത്തുണി കുത്തിത്തിരുകുന്നതു സാധാരണയാണല്ലോ!

ഹാ! എന്തു സമഭാവന! ക്രൂരന്മാരെയും സജ്ജനങ്ങളെയും അതു വ്യത്യാസരഹിതം സഹായിക്കുന്നു. ക്രൂരന്മാരെ സഹായിക്കുന്നതുകൊണ്ടു കീറത്തുണി ഒരിക്കലും നിന്ദ്യമായിത്തീരുന്നില്ല. ഭഗവാൻപോലും ഭാരതയുദ്ധത്തിൽ ദുഷ്ടന്മാരെയും സത്തുക്കളെയും വ്യത്യാസംകൂടാതെ സഹായിച്ച കഥ നാം കാണുന്നുണ്ടല്ലോ! അർത്ഥികൾക്കു സഹായംനൽകുക സജ്ജനങ്ങളുടെ കർത്തവ്യമാകുന്നു. അതിനാൽ കീറത്തുണിയും മാനനീയംതന്നെ. വനത്തിലകപ്പെട്ട 'ദമയന്തി' ഒരു കീറത്തുണിയെ എത്രമാത്രം മഹാർഹമായി വന്ദിച്ചു! ഭർത്തൃകല്പനയാൽ മഹാ കാരുണ്യത്തിലകപ്പെട്ട 'സരള' ഒരു കീറത്തുണിയെ എത്ര വിലയേറിയതായി കരുതി?

ധാരാളമായി ലഭിക്കുന്ന വസ്തുക്കളെല്ലാം നിസ്സാരമെന്നു കരുതുന്ന ജനങ്ങളുടെ ബുദ്ധി വളരെ തുച്ഛംതന്നെ. 'സരള' വനത്തിലകപ്പെട്ടപ്പോൾ ഒരു തീപ്പെട്ടി കിട്ടാതെ എത്ര കുഴങ്ങി. അവളുടെ ജീവനാശത്തിന്നുപോലും ഒരു തീപ്പെട്ടിയുടെ അഭാവം കാരണമായിത്തീരുമായിരുന്നു. വിജനദ്വീപിലകപ്പെട്ട 'റോബിൻസൺക്രൂസോ' സ്വർണ്ണത്തെയല്ല, നിസ്സാരവസ്തുക്കളെയാണു അധികം ആശ്രയിച്ചതു്. 'കുമുദാഭായി' ഏററവും നിസ്സാരമായ ചൂരൽക്കഷ്ണംകൊണ്ടാണു തന്റെ ശപഥത്തെ നിറവേററുവാനുദ്യമിച്ചതു്. നിസ്സാരങ്ങളെന്നു കരുതിപോരുന്ന വസ്തുക്കൾ നിശ്ചയമായും വളരെ മഹാർഹങ്ങൾതന്നെ.

## ഒരു പ്രശ്നം.

(കേ. എൻ. ഉണ്ണി. II. U C.)

ഇക്കാണും ലോകത്തിൽ നാഥനിന്നേതൊരു-
ദിക്കിലാണമ്മെ! വസിച്ചിടുന്നു?
മാനത്തിന്നങ്ങെ 'മറി'യിൽക്കിടക്കുമൊ-
രേഴുനിലയെഴും മേടയിലൊ?
നിത്യം കുളിച്ചു പോയ്പൂമാലചാർത്തി നാ-
മൊപ്പം പണിയുമാപ്പാവയിലൊ?
പോരും വഴിക്കു നാമെന്നും വലംവെക്കു-
മാലിൻതടിയിലൊ? വേദിയിലൊ?
ഇന്നിതിലേതിലാണീശൻ വസിപ്പതെ
ന്നമ്മ പറഞ്ഞു തരേണമിപ്പോൾ
കാമനെ! നിന്മനൊമോഹനരൂപത്തി-
ലാണെ ഞാനീശനെക്കാണ്മതിപ്പോൾ,
ആവിലഹീനം നീയാവിഷ്കരിക്കുമി-
യ്യോരൊമൊഴിയിലും വാഴ്വു ദൈവം,
നിന്നിലും മേനിയൊന്നുള്ളം കുളിക്കുമാ-
റാഞ്ഞു പുണരും നിന്നമ്മയിലും,
എന്നല്ലീമന്നിലും വാനിലും നാലിട-
ത്തെങ്ങും നിറഞ്ഞു വസിപ്പൂ ദൈവം.
ചെങ്കതിരോനിൽ നിന്നോന്തുമുഷസ്സണി-
ക്കാന്തിയിലീശനിരിപ്പതുണ്ടാം,
പാടും പറവതൻ ഗാനം ശ്രവിച്ചുകൊ-
ണ്ടാടും ചെടിയിലും ചേരുന്നുണ്ടാം.
അച്ചെടിചൂടുമപ്പൂത്തൻ മലരിലു-
മപ്പരാശക്തി വസിപ്പൂ കുഞ്ഞെ!

# ഭാരതം ഒന്നു കണ്ണോടിക്കട്ടെ.

(വസ്വാനി)

കെ. കെ. തയ്യാൻ.

---

ക്ഷുഭിതങ്ങളായ സാമ്രാജ്യങ്ങളെ അനുകമ്പാകുലനായി വീക്ഷിച്ചുകൊണ്ടു പാശ്ചാത്യരാജ്യങ്ങളെ സ്നേഹിക്കുന്ന ഒരു ഭാരതീയൻ ചോദിക്കുന്നു. "ആധുനിക യൂറോപ്പിൻെറ ന്യൂനത എന്താണ്"! എന്ന്. കൌരവയുദ്ധാവശിഷ്ടമായ ആഴ്ചാവർത്തത്തിലേക്കു കണ്ണോടിക്കാതിരുന്നെങ്കിൽ നമുക്കിന്നു കാണാമായിരുന്ന ചരിത്രം ഘോഷിച്ചിട്ടില്ലാത്തവിധം ലോകത്തിനൊട്ടുക്കൊരിടിവു്.

ലോകമഹായുദ്ധം അഹംഭാവത്താലാക്രമിക്കപ്പെട്ട പരിഷ്കാരത്തിൻെറ ഒരു പ്രതിഫലമായതാണ്; ശാസ്ത്രത്തിലും, കൈത്തൊഴിലിലും, മാനസികശക്തിയിലും പ്രബലങ്ങളായ രാഷ്ട്രങ്ങൾക്കു ചെയ്യുവാൻ കഴിയുന്ന ക്രൂരകൃത്യങ്ങളുടെ ഒരു വിവരണം മാത്രം ആണ്. പ്രജകളെ പട്ടിണിയിടുക, സ്ത്രീകളെ ബലാല്ക്കാരമായി ചാരിത്രഭംഗംചെയ്യുക, ജലാശയങ്ങളിൽ വിഷംകലക്കുക; കൊലചെയ്യുക, കൊള്ളയിടുക, ഔഷധശാലകൾ നശിപ്പിക്കുക എതാദൃശങ്ങളായിരുന്നു അവരുടെ ക്രൂരകൃത്യങ്ങൾ. ആധുനികരാജ്യങ്ങൾ ശേഖരിച്ചിട്ടുണ്ടു്, അവക്കുവേണ്ട വാണിജ്യവും, സൈന്യവും. എന്നാലവക്കു സാധിച്ചിട്ടുണ്ടോ ഒരു മനുഷ്യസമുദായത്തെ സൃഷ്ടിക്കുവാൻ? അഥവാ അവിശ്വാസത്തിലും കലഹത്തിലുമാണു പരിഷ്കാരം സ്ഥിതിചെയ്യുന്നതു് എന്നതു വാസ്തവംതന്നേയോ? പ്രസിദ്ധയോദ്ധാവായ മാർഷൽഫോക്കു് പറയുന്നു "വിജയികളുടെ സമാധാനമായിരിക്കണം നമ്മുടെ സമാധാനം. ജർമ്മനിയിൽ എഴുപതുലക്ഷം ജനങ്ങൾ ഫ്രാൻസിനെന്നും ഭയത്തിന്നു കാരണമായിരുന്നു, ലോകത്തിനൊട്ടുക്കു സമാധാനലംഘനമായിരുന്നു." എന്ന്, വിജയികളുടെ സമാധാനം സംരക്ഷിക്കുമോ ലോകത്തിൻെറ ഭാവിയെ ഭാവിലോകത്തെ?

വിഭിന്നാവസ്ഥയാണു എല്ലാ ബാഹ്യപരിഷ്കാരങ്ങൾക്കുമുള്ള പ്രധാനദോഷം. യൂറോപ്പിലെ 'സോഷ്യലിസം' ദാരിദ്ര്യത്തിൽ ജനിച്ചു് മതമാത്സര്യത്തെ വർദ്ധിപ്പിച്ചു. സംശയമില്ല. യൂറോപ്പനവധി സംഗതികളിൽ പ്രശസ്തി നേടിയിട്ടുണ്ടു്; ശാസ്ത്രത്തിൽ, കച്ചവടത്തിൽ, മനഃശ്ശക്തിയിൽ ഇങ്ങ

നെയ്യുള്ളവയിലെല്ലാംതന്നെ. എന്നാൽ ഇവയെല്ലാം ഒരു മഹത്തായ ശക്തിയാൽ ഭരിക്കപ്പെട്ടില്ലെങ്കിൽ കലഹവൎദ്ധനക്കുമാത്രമേ ഉപയുക്തങ്ങളാകുന്നുള്ളൂ.

'മൈത്രി'; അതാണു ആ മഹാശക്തി. മനുഷ്യനെ മനുഷ്യനാക്കിക്കാട്ടുന്ന ദൎപ്പണം: യുദ്ധപ്രിയന്മാരായ ജനങ്ങൾ തമ്മിൽ ഒന്നിനോടൊന്നിടവിടാതെ, അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കലഹങ്ങളുടെ ഒരു പട്ടികമാത്രമാണു ആധുനികലോകചരിത്രം. സ്വാൎത്ഥതല്പരത, ജാതിസ്പൎദ്ധ, അധികാരേച്ഛ ഇതുകൾ ഒരു രാജ്യത്തിന്റെ നാശകാരണങ്ങളാണ്. ഒരു കാലത്തു സ്വാതന്ത്ര്യം ഇംഗ്ലണ്ടിനെ അനുഗ്രഹിച്ചു; ലോകത്തിലേക്കുവെച്ച് ഏറ്റവും വലിയ ഒരു രാഷ്ട്രമാക്കി. കനഡ, ആസ്ത്രേലിയാ, തെക്കെ ആഫ്രിക്ക മുതലായ പുത്രികാരാജ്യങ്ങളുടെകാൎയ്യത്തിൽ ചിന്താസ്വാതന്ത്ര്യം എന്തെന്നു അവൎക്കു മനസ്സിലാക്കിക്കൊടുത്തു. എന്നാൽ ഭാരതത്തിൽമാത്രം ഇംഗ്ലണ്ടിന്റെ നയം തീരെ വ്യത്യസ്തമായിരുന്നു. ദിവ്യമായ കരുണയെ അവർ ചവുട്ടിത്തേക്കുകയാണു ചെയ്തതു്. തനിച്ച സൈനികശക്തിയും രാഷ്ട്രീയാഹങ്കാരവും അശ്ലീലതയുടെ പാരമ്യമാണ്. ഇതാണു പരിഷ്കാരത്തെ പലപ്പോഴും ദുഷിപ്പിച്ചിട്ടുള്ളതു്. സ്വദേശാഭിമാനം ലൌകികമാകുന്നു, അതു അത്ര സങ്കുചിതമാകുമ്പോൾ, സ്വാൎത്ഥപരമാകുമ്പോൾ, വ്യാപ്തിക്കായി, വിക്രമത്തിന്നായി, ആധിപത്യത്തിന്നായി അന്യരാഷ്ട്രങ്ങളെ ശത്രുക്കളാക്കിത്തീൎക്കുമ്പോൾ സ്വാൎത്ഥത്തിന്നും രാജ്യങ്ങളെ ആക്രമിക്കുന്നതിന്നും അല്ലാതെ, മനുഷ്യസമുദായസേവനത്തിന്നായി പ്രവൎത്തിക്കുമ്പോൾ ഒരു രാഷ്ട്രം അതിന്റെ ശരിയായ പന്ഥാവിലെത്തുന്നു. "മാനുഷികമായ യാതൊന്നും എനിക്കു വിദേശീയമല്ല" മാതൃഭൂമിയുടെ ശരിയായ സേവകന്മാരുടെ, മാനുഷികസാഹോദൎയ്യത്തിലെ ഒരംഗമാണെന്നു വിചാരിക്കുന്നവരുടെ മന്ത്രം ഇതാണ്. അവരാണു ലോകപൌരന്മാർ. അവൎക്കു് ശാശ്വതമായ മാനവലോകത്തിൽ വിശ്വാസമുണ്ടു്.

നവീനജീവിതത്തിന്റെ ഹൃദയത്തിൽ ഒരഗാധമായ ക്ഷോഭം സ്ഥിതിചെയ്യുന്നുണ്ടു്. പ്രക്ഷുബ്ധമാണു ഇന്നു ഭാരതം; ആധുനികസ്വാതന്ത്ര്യപ്രചോദനത്താൽ പൎയ്യാകുലമാണ്. അഹങ്കാരവും അധികാരവുമല്ല സ്വാതന്ത്ര്യത്തിലേക്കുള്ള ശരിയായ പന്ഥാവു്; തപഃപരിശീലനവും, ആത്മാവിന്റെ അഗാധമായ അടിത്തട്ടിൽ ചൈതന്യത്തെ സൃഷ്ടിക്കലുമാണ്. 'മൈത്രി' നമ്മളിൽ 'അഹംബുദ്ധിയെ' ഉൽഭൂതമാക്കുന്നു; ഇതിനാൽ ഭരിക്കപ്പെടാതിരിക്കുന്നകാലത്തോളം പരിഷ്കാരം സാൎവ്വലൌകികമാണെന്നഭി

മാനിക്കാൻ നമുക്കു സാധിക്കയില്ല. ക്രിസ്തുവിന്റെ ഉപദേശങ്ങളാണു ഇന്നത്തെ ലോകം മാന്നിട്ടുള്ളതു്. അതുകൊണ്ടാണു നമ്മുടെ സ്വരാജ്യസ്നേഹം ദുരഭിമാനത്താൽ ദുഷിച്ചുപോയതു്. ഇതുതന്നെയാണു സ്വരാജ്യത്തിൽനിന്നു വിഭിന്നമായി ആത്മീയാന്തരീക്ഷത്തെ കാണുവാനോ രാഷ്ട്രങ്ങൾക്കപ്പുറത്തു സഹോദര്യത്തെ വീക്ഷിക്കുവാനോ ശക്തമല്ലാതാക്കിത്തീക്കുന്ന വ്യവസായത്തിന്റെ ഉൽക്കർഷപ്രഹർഷത്തിന്നു ഹേതുവും. ആത്മവിസ്മൃതിയാണു് ആധുനികലോകത്തെ ആകുലമാക്കിത്തീർക്കുന്നതു്. ഇന്ത്യയുടെ ചരിത്രത്തിൽ ഒരു കാലമുണ്ടായിരുന്നു 'ആ വിരാൾപുരുഷൻ' സർവ്വവ്യാപിയെന്നു വിശ്വസിച്ചിരുന്നതായി. ഭാരതം അന്നു മഹത്തും ശക്തിമത്തുമായിരുന്നു. ഈ വിശ്വാസം ക്രമേണ മറഞ്ഞുപോയി. ശൂദ്രർ അഭിജാതന്മാരാൽ ചവുട്ടിത്താഴ്ത്തപ്പെട്ടു. ജാതിസ്പർദ്ധ പ്രത്യക്ഷമായി. ഇന്ത്യയുടെ രാഷ്ട്രൈക്യം ഭേദിക്കപ്പെട്ടു. ഭാരതം അധഃപതിച്ചു.

സമത്വവാദം ഇനിയും അവസാനിച്ചിട്ടില്ല. "ഒരാൾ മാത്രമേ ശാശ്വതമായിട്ടുള്ളു; അദ്ദേഹത്തിനു ജാതിയില്ല", ഇതായിരുന്നു പുരാതനേന്ത്യയും മററു രാഷ്ട്രങ്ങളും നിർദ്ദേശിച്ചിരുന്നതു്. സാഹോദര്യത്തോടുകൂടിയ ഒരു പരിഷ്ക്കാരത്തിന്നു ഇന്നു് ലോകം വെമ്പുന്നു. ലോകത്തിന്നത്യാവശ്യമായിട്ടുള്ളതു മനുഷ്യൻ സമരംചെയ്യുന്ന ഒരു മൃഗമായിട്ടല്ലാ, ആത്മീയസാമ്രാജ്യത്തിലെ ഒരു പൌരനായിട്ടാണു്. നവീനപരിഷ്ക്കാരത്തിന്റെ ആദർശങ്ങൾ ഭൌതികങ്ങളാണു്, വാണിജ്യപരമാണു്, സത്യത്തേക്കാൾ സ്വാർത്ഥത്തെ മുൻനിർത്തിയിട്ടുള്ളതാണു്. ലോകസമാധാനത്തിന്നുള്ള ഏകമാർഗ്ഗം ആധുനികാദർശങ്ങളെ തിരുത്തുകയാണു്; ആത്മാവിൽ ഒളിഞ്ഞുകിടക്കുന്ന മാഹാത്മ്യത്തെ ഒന്നു ഗാഢമായി വിചിന്തനംചെയ്കമാത്രമാണു്. പരിഷ്ക്കാരം എത്രയെങ്കിലും വിസ്തൃതമാകാം; പക്ഷെ അതിന്റെ ഹൃദയം ശൂന്യമാണെങ്കിൽ അതിന്റെ ജീവിതം ഒരു ബുൽബുദത്തിന്റേതാണു്. യൂറോപ്പ് മനസ്സിലാക്കിയിട്ടുണ്ടു്, പ്രകൃതിയുടെ മാഹാത്മ്യത്തെ, പ്രാധാന്യം കല്പിച്ചിട്ടുണ്ടു്, രാഷ്ട്രീയകാര്യങ്ങൾക്കു്. എന്നാൽ യൂറോപ്പിന്റെ ശാസ്ത്രവും, രാഷ്ട്രീയാരാധനയും. ആത്മീയസാമ്രാജ്യത്തിൻകീഴിൽ ഭരിക്കപ്പെട്ടില്ലെങ്കിൽ, 'മൈത്രി' മനുഷ്യന്റെ പരമൈക്യം, അഹങ്കാരത്തിന്റേയും ശക്തിയുടേയും ആരാധനയായിത്തീരുന്നു. മനുഷ്യന്റെ ഈ പരമൈക്യത്തിന്നു് — ആദത്തിന്റെ ആദികാലംമുതൽ ആധുനികകാലംവരെ ഭാരതത്തിലെ സിദ്ധന്മാർ സാക്ഷ്യംവഹിക്കുന്നുണ്ടു്. എന്നു ഈ ആദർശം ചവുട്ടിത്തേക്കാൻ തുടങ്ങിയോ, അന്നു ഭാരതത്തിന്റെ മാഹാത്മ്യവും നശിച്ചുക

ഴിഞ്ഞു. എന്നാൽ ഇന്നു് ഭാരതം കണ്ണുണന്നിട്ടുണ്ടു്. എന്നുതന്നെയല്ല കല്പപ്പാടുകൂടാത്ത നിരവധി ശതാബ്ദങ്ങൾ ഉൽക്കണ്ഠയോടുകൂടി നമ്മളെ നോക്കുന്നുണ്ടു്, ഭാവിയിൽ അപമാനത്തേയോ അഭ്യുന്നതിയേയോ നാം വരിക്കുന്നതെന്നറിയുവാനായി.

ശതാബ്ദങ്ങൾക്കുമുമ്പുതന്നെ, അനന്തവും, അനശ്വരവുമായ ആ ആത്മാവിന്റെ അവ്യക്തമായ അവസ്ഥയെപ്പററി ഭാരതവർഷത്തിലെ മുനിപുംഗവന്മാരും, ബുദ്ധമുനിയും, ക്രിസ്തുദേവനും ഉൽഘോഷിച്ചിട്ടുണ്ടു് — ഇന്നത്തെ ലോകം ആ ഭൂതകാലത്തിലേക്കാണു് കണ്ണോടിച്ചിരുന്നതെങ്കിൽ!

## ശകുനം പററിയില്ല.

(സി. പി. സഹസ്രനാമം)

സാധാരണയായി ഞാൻ ശകുനവും മററും നോക്കാറില്ലെങ്കിലും അന്നു മദിരാശിക്കു ഉദ്യോഗാന്വേഷണത്തിന്നായി പോകയായിരുന്നതുകൊണ്ടു്, മുത്തശ്ശി, ഇക്കാര്യത്തെപ്പററി പ്രത്യേകം നിഷ്കർഷിച്ചു. വീട്ടിൽനിന്നു പുറത്തിറങ്ങിയതും ഒരു മാർജ്ജാരൻ മുമ്പെ ചാടിയതും ഒന്നായിക്കഴിഞ്ഞു. ആ പൂച്ചയെ ശപിച്ചുംകൊണ്ടു്, പടികടന്നപ്പോളുണ്ടു നമ്മുടെ വാദ്ധ്യാർ മുമ്പെ വരുന്നു. ഒററപട്ടർ ശകുനമായല്ലൊ, ഇയാളെ ഒന്നു ചവിട്ടിയാലോ എന്നുള്ള ആലോചന ഉണ്ടായി. എങ്കിലും, വാദ്ധ്യാർക്കു് ആ മര്യാദക്കു യോഗ്യതയില്ലെന്നുറച്ചു്, പോകുമ്പോൾ, ഒരുവിധവയും! എല്ലാം തികഞ്ഞു. അന്നുവിധി എന്റെ എതിരാളിയായിരുന്നു. ഒരു വിധം ഒരു വണ്ടിപിടിച്ചു, സ്റ്റേഷനിലേക്കു യാത്രയായി. സ്റ്റേഷനിൽ വണ്ടി പുറപ്പെടാൻ താമസമില്ല. പെട്ടിയെല്ലാം വണ്ടിയിലാക്കി, ടിക്കററു മേടിച്ചു പോകുന്നതിനുമുമ്പു് വണ്ടി ഇളകിക്കഴിഞ്ഞു. പരിഭ്രമത്തോടെ ചാടിക്കൊണ്ടു വണ്ടിയിലേക്കു ഒരു ചാട്ടം. ചെന്നുമുട്ടിയതു് ഒരു യുവതിയുടെ മേൽ. "ഡാം ഇഡിയട്ടു്" എന്ന സൽക്കാരപദങ്ങളാണു് എന്നെ എതിരേററതു്. എന്റെ ജീവിതത്തിൽ ആദ്യത്തെ പ്രാവശ്യമായിരുന്നു ഞാൻ ഇപ്രകാരമുള്ള ശാസനം കേട്ടതു്. എന്റെ ഗുരുനാഥന്മാർ കൂടി എനിക്കീപ്പദവി തന്നിട്ടില്ല. ഏതായാലും ഒരു സുന്ദരവനിതയല്ലേ ഇപ്രകാരം പറഞ്ഞതെന്നു

ള്ള ആശ്വാസം മാത്രം. മാപ്പു ചോദിച്ചതിനുശേഷം ഒരു സ്ഥലത്തിരുന്ന് കയ്യിലുണ്ടായിരുന്ന 'ഹിന്ദുപത്രം' വായിക്കുവാനായി കണ്ണട തിരഞ്ഞപ്പോൾ കണ്ടില്ല. അരയെടുക്കുവാൻ മറന്നുപോയി. ആ ഉപകരണമില്ലാതെ എനിക്കു വായിക്കുവാൻ സാധിക്കയില്ല. പാതിരാവരെ മണ്ണെണ്ണ ചിലവാക്കി വായിച്ച്, പേരിന്റെ അന്ത്യത്തിൽ ചില അക്ഷരങ്ങൾ കൂട്ടിയതിന്റെ ഫലമാണിതു്. എന്റെ നിലകണ്ടിട്ട് ഒരാൾ തന്റെ സ്വന്തം കണ്ണട എനിക്കു തന്നു. താൻ അഞ്ചുരൂപ കൊടുത്തു വാങ്ങിയതാണെന്നും മറ്റും പറഞ്ഞു. അതു് എനിക്കു കുറച്ചു വലിയതായിരുന്നു. അതുവെച്ചു വായിച്ചപ്പോൾ അക്ഷരങ്ങൾ ഒരു വിധം വ്യക്തമായി കാണപ്പെട്ടു. വായിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, പെട്ടെന്നു കണ്ണട വീണു തവിട്ടുപൊടിയായി. അതിന്റെ ഉടമസ്ഥൻ എന്നെ തുറിച്ചുനോക്കിക്കൊണ്ടു്, അതിന്റെ വിലയായ ഇരുപത്തഞ്ചുരൂപ ഉടനെ കിട്ടണമെന്നാവശ്യപ്പെട്ടു. "ഇരുപത്തഞ്ചുരൂപയോ? അഞ്ചുരൂപയെന്നല്ലേ താൻ പറഞ്ഞതു്?" എന്നു ഞാൻ ചോദ്യം ചെയ്യുമ്പോൾ, "നിങ്ങൾക്കു കണ്ണുകാണില്ലെന്നു മാത്രമാണു ഞാൻ വിചാരിച്ചിരുന്നതു്. പൊട്ടനുമാണോ"? എന്നാണവൻ പറഞ്ഞതു്. എനിക്കു ദേഷ്യമായി. അയാളെ രണ്ടുപൊട്ടിക്കാമെന്നു വിചാരിച്ചു. എന്നാൽ ഇത്ര ജനങ്ങളുള്ളപ്പോൾ—പ്രത്യേകിച്ചു ആ യുവതിയുടെ മുമ്പിൽവെച്ചു—ലഹളകൂട്ടുന്നതു മര്യാദയല്ലെന്നു തീർച്ചയാക്കി, അയാളുടെ ആവശ്യപ്രകാരമുള്ള ഉറുപ്പിക എണ്ണിക്കൊടുത്തു. ഇങ്ങനെ വായനയും നിന്നു.

വണ്ടി പെരമ്പൂർ എത്തി. മദിരാശിമെയിലിൽ ഒരു ഒഴിഞ്ഞമുറിയിൽ കയറി ഇരിപ്പായി. കുറെക്കഴിഞ്ഞപ്പോൾ, ആദ്യപരിചിതയായ ആ യുവതിയും അവളുടെ അപ്പനും (ഇതു ഞാൻ പിന്നെ അറിഞ്ഞതാണു്) എന്റെ മുറിയിൽതന്നെ കയറി. വണ്ടിയിളകിയപ്പോൾ, ഭാഗ്യവശാൽ (അല്ലാ, നിർഭാഗ്യവശാൽ) ഞങ്ങൾ മൂന്നുപേർ മാത്രമേ ആ മുറിയിലുണ്ടായിരുന്നുള്ളു. ഞാനും ലിലിയും ('ലീല' എന്നപേരിന്റെ നവീനരൂപം.) സ്നേഹിതരാവാൻ അഞ്ചുനിമിഷം വേണ്ടിവന്നില്ല. പേരെന്താണെന്നു ഞാൻ ചോദിച്ചപ്പോൾ, തന്റെ സഞ്ചിതുറന്നു ഒരു കാർഡ് എടുത്തുതന്നു. അതിൽ ഭംഗിയായി,

Miss Lilly; B. A.

Lilly Cottage.

ഇങ്ങനെ അച്ചടിച്ചിരുന്നു. എൻെറ പേരും ഇപ്രകാരം അച്ചടിച്ചില്ലല്ലോ എന്നുള്ള വ്യസനത്തോടെ, ഞാൻ കെ. ജി. പാൾ ആണെന്നു പറഞ്ഞു. (ഗോപാലൻ എന്നു എൻെറ പിതാവു നാമകരണം ചെയ്തിരുന്നതു് എനിക്കു പിടിച്ചില്ല.)

ഇങ്ങനെ ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, എൻെറ റിസ്റ്റ്‌വാച്ച് കണ്ടു്, "അതു വളരെ നൈസായിരിക്കുന്നുവല്ലൊ" എന്നു പറഞ്ഞുകൊണ്ടു്, എൻെറ കൈതൊട്ടു് അതിനെ പരിശോധിക്കുവാൻ മിസ്സ് ലില്ലി ഉദ്യമിച്ചു. ആ കരസ്പർശം എന്നിൽ രോമാഞ്ചത്തെ ഉളവാക്കി. "ഇതെൻെറ റിസ്റ്റിനു ഫിറ്റായിരിക്കുമെന്നുതോന്നുന്നു" എന്നു പറഞ്ഞു് എന്നെ ഒരു നോട്ടം. ആ നോട്ടം ഏതു മഹർഷിയുടെ ഹൃദയത്തേയും വശീകരിക്കുന്നതാണു്. ഉടനെ ഞാൻ ആ വാച്ചഴിച്ചു്, മിസ്സ് ലില്ലിയുടെ റിസ്റ്റിൽ കെട്ടികൊടുത്തു. ഇതു കഴിഞ്ഞു് ഒരു പുഞ്ചിരിയോടുകൂടി ആ യുവതി തൻെറ സഞ്ചിയിൽനിന്നു ഒരു ചെറിയ വെള്ളിപ്പെട്ടി എടുത്തു. അതിൽനിന്നു രണ്ടു സിഗററും ഒരു തീപ്പെട്ടിയും പുറത്തെടുത്തു. അതിൽ ഒന്നു് എനിക്കു പ്രദാനംചെയ്തു. (എൻെറ മുത്തശ്ശിയോ മററാ അറിഞ്ഞെങ്കിൽ; പിന്നെ വീട്ടിൽ കയറണ്ടാ.) എനിക്കു സിഗററ് വലിച്ചു പരിശീലനമില്ല, ഒന്നുരണ്ടുപ്രാവശ്യം സഖാക്കളോടുകൂടി വലിച്ചിട്ടില്ലെന്നില്ല. ഏതായാലും, ഒരു സർവ്വാംഗസുന്ദരി തന്നതു എങ്ങനേയാ ഉപേക്ഷിക്കുക. അതു വലിച്ചുതീർന്നപ്പോൾ, എനിക്കു പരിചയമില്ലാത്തതിനാൽ തല ചുററിത്തുടങ്ങി. ഉറക്കം വരുന്നുണ്ടെന്നു പറഞ്ഞു് ഞാൻ കിടന്നു. അരനിമിഷത്തിൽ സുഷുപ്തിയിൽ നിമഗ്നനാവുകയുംചെയ്തു.

പിന്നെ, എന്നെ ഉണർത്തിയതു ടിക്കററപരിശോധകനാണു്. എണീററപ്പോൾ ലില്ലിയും ഇല്ല. അവളുടെ അച്ഛനും ഇല്ല. പരിശോധകൻ പോയതോടെ ഞാൻ പെട്ടിതുറന്നു. അതിലെ സാമാനങ്ങളെല്ലാം മറിച്ചും തിരിച്ചും ഇട്ടിട്ടുണ്ടു്. പോക്കററ്ബുക്കിൽ ഇരുന്നൂറ് ഉറപ്പികക്കുള്ള കറൻസിനോട്ടുകളുണ്ടായിരുന്നതു കാണ്മാനില്ല. എൻെറ റിസ്റ്റ്‌വാച്ചും പോയതുതന്നെ. എന്നാൽ മദിരാശിയിൽ എനിക്കറിവുള്ള ആളുകൾ ഉണ്ടായിരുന്നതുകൊണ്ടും, കീശയിൽ ചില്ലറ കിടന്നതുകൊണ്ടും എനിക്കു വലിയ ബുദ്ധിമുട്ടൊന്നും പററിയില്ല.

ഈ ദുർഘടങ്ങൾക്കു കാരണം ഞാനൊ, വൃദ്ധയൊ, വാദ്ധ്യാരൊ, വിധവയൊ, ആരെന്നു വായനക്കാർ തീരുമാനിച്ചുകൊള്ളട്ടെ.

UNIVERSITY LIBRARY
14 FEB 1933
MADRAS
UNIVERSITY LIBRARY
1933
MADRAS
MUL
073169